# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 22/01/ 2021

## സോഷ്യൽ മീഡിയയിലൂടെ പരിചയപ്പെട്ട ശേഷം പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച യുവാവ് പിടിയിൽ



കൊല്ലം : സോഷ്യൽ മീഡിയ ആപ്ലിക്കേഷനായ ഷെയർ ചാറ്റിലൂടെ പരിചയപ്പെട്ട ശേഷം പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച യുവാവിനെ കണ്ണനല്ലൂർ പോലീസ് അറസ്റ്റ് ചെയ്തു. എറണാകുളം മൂവാറ്റുപുഴ സ്വദേശിയായ പ്രിൻസ് പീറ്റർ 24 എന്നയാളാണ് കണ്ണനല്ലൂർ പോലീസിന്റെ പിടിയിലായത്. ഷെയർ ചാറ്റ് എന്ന സോഷ്യൽ മീഡിയ ആപ്ളികേഷനിലൂടെ ഓൺലൈൻ പഠനത്തിനായി രക്ഷകർത്താക്കൾ വാങ്ങി നല്കിയ ഫോണിലൂടെ പെൺകു ട്ടിയുമായി പരിചയപ്പെടുകയും, തുടർന്ന് കുട്ടിയുടെ ഫോൺ നമ്പർ കൈക്കലാക്കി പ്രണയം നടിച്ച് വശീകരിച്ച് കൊല്ലം കണ്ണനല്ലൂരിലുള്ള വീട്ടിലെത്തി വീട്ടിൽ ആളില്ലാത്ത സമയത്തെത്തി പീഡിപ്പിക്കുകയായിരുന്നു. മൊബൈൽ ഫോണിലൂടെയുള്ള പരിചയത്തിന്റെ മേൽ യുവാവ് മൂവാറ്റുപുഴയിൽ നിന്നും കണ്ണനല്ലൂരിലുള്ള വീട്ടിലേക്കെത്തുകയായിരുന്നു. സിസി ടി വി ദൃശ്യങ്ങളും മൊബൈൽ ഫോൺ കേന്ദ്രീകരിച്ചും കണ്ണനല്ലൂർ പോലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ പിടികൂടാനായത്. അഞ്ജാതരായ ആളുകളുമായി സോഷ്യൽ മീഡിയയിലൂടെ സ്വകാര്യ വിവരങ്ങൾ പങ്ക് വയ്ക്കരുതെന്ന് പോലീസും സൈബർ ഡോമും നിരന്തരം അറിയിപ്പുകൾ നല്കി വരുകയായിരുന്നു. പ്രതിയെ മൂവാറ്റുപുഴയിലുള്ള വീട്ടിൽ നിന്നും അറസ്റ്റ് ചെയ്തു, പ്രതിയെ കൊട്ടാരക്കര കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു. പ്രതിയുടെ ഫോൺ രേഖകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ നിരവധി പെൺകുട്ടികളുടെ വിവരങ്ങൾ കാണപ്പെട്ടതായും, ആയതിനെ കുറിച്ചും കൂടുതൽ അന്വേഷണം നടത്തുന്നതാണ് എന്നും പോലീസ് അറിയിച്ചു. കണ്ണനല്ലൂർ ഇൻസ്പെക്ടർ എസ് എച്ച് ഒ യു പി വിപിൻ കുമാറിന്റെ നേതൃത്വത്തിൽ എസ് ഐ രഞ്ജിത്ത്, സുന്ദരേശൻ, പ്രൊബേഷണറി എസ് ഐ മാരായ രതീഷ് ,അനൂപ്, സിപിഒ അരുൺകുമാർ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ മൂവാറ്റുപുഴയിൽ നിന്നും അറസ്റ്റ് ചെയ്തത്.